# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/244/2016 പത്രക്കുറിപ്പ് 2016 നവംബർ 15

**പ്രാക്ടിക്കൽ പരീക്ഷ**
തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിലെ അഞ്ചാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ് – റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ് – 2013ന് മുൻപുള്ള അഡ്മിഷൻ/മൂന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ് – റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ കഥകളി വേഷം പ്രാക്ടിക്കൽ നവംബർ 22 മുതൽ 24 വരെ കോളജിൽ വച്ച് നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

**പരീക്ഷാ ഫലം**
2015 സെപ്തംബർ മാസം നടത്തിയ എം.കോം ഒന്നും രണ്ടും സെമസ്റ്റർ (പ്രൈവറ്റ്/സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ റഗുലർ സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് (സി.എസ്.എസ് – റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

2015 ഡിസംബർ, 2016 ജൂൺ മാസങ്ങളിൽ യഥാക്രമം നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എസ്.സി ജിയോളജി (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

**പ്രഭാഷണം**
മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ പശ്ചിമേഷ്യൻ പഠന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "ഇസ്ലാമിക ലോകത്തിന്റെ ബൗദ്ധിക സാംസ്കാരിക സംഭാവനകൾ" എന്ന വിഷയത്തിൽ നവംബർ 17ന് രാവിലെ 10.30ന് പ്രഭാഷണം സംഘടിപ്പിക്കുന്നു. സർവ്വകലാശാലയിലെ സി.എച്ച്. മുഹമ്മദ്കോയ ചെയറിലെ ഡോ. കെ. സുബൈർ ആണ് പ്രഭാഷകൻ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)